പ്രേഷിത

Arun G Nair
Gokulam (Edathara)
Vazhakadu Nannattukave
Pothencode P.O Trivandrum
Pin : 695584

സ്വീകർത്താവ്

**State Public Information Officer**
**Directorate of Social Justice**
**5th Floor, Vikas Bhavan, PMG,**
**Trivandrum, Kerala -695033**

007865

14 JUN 2018

സർ,

**വിഷയം :- വിവരാവകാശ നിയമം 2005 – വിവരങ്ങൾ ആരായുന്നത് സംബന്ധിച്ച്**

വിവരാവകാശ നിയമം 2005 പ്രകാരം താഴെ ചോദിക്കുന്ന ചോദ്യങ്ങൾക്ക് പൂർണ്ണവും സത്യസന്ധവുമായ മറുപടി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

1. താങ്കളുടെ വകുപ്പിനു കീഴിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ എത്ര സാങ്ഷൻഡ് ആസ്ഥാന തസ്തികകൾ (Cadre Strength) ഉണ്ട്. ടി തസ്തികകൾ ഉള്ള ഓഫീസിന്റെ പേരും മേൽവിലാസവും നൽകുക.
2. കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ തിരുവനന്തപുരം ജില്ലാ ഓഫീസുകളിലെ സാങ്ഷൻഡ് തസ്തികകൾ എത്ര വീതം. തിരുവനന്തപുരം ജില്ലയിൽ ടി തസ്തികകൾ ഉള്ള ഓഫീസിന്റെ പേരും മേൽവിലാസവും നൽകുക.
3. കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി ആസ്ഥാന ഓഫീസുകളിലും തിരുവനന്തപുരം ജില്ലാ ഓഫീസുകളിലും നിലവിൽ ജോലി ചെയ്തു വരുന്നവരുടെ പേര്, ജനന തീയതി, നിലവിൽ ജോലി ചെയ്യുന്ന ഓഫീസ്, തസ്തിക എന്നിവ നൽകുക. കൂടാതെ ടിയാളുകൾ കോൺഫിഡൻഷ്യൽ അസിസ്റ്റൻറായി നിയമിക്കപ്പെട്ട വിധം (പി.എസ്.സി വഴിയാണോ/തസ്തികമാറ്റം വഴിയാണോ/സ്ഥലം മാറ്റം മുഖേനയാണോ/മറ്റേതെങ്കിലും വിധത്തിലാണോ) വ്യക്തമാക്കുക.
4. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിൽ നിലവിൽ ആസ്ഥാന ഓഫീസുകളിലും തിരുവനന്തപുരം ജില്ലാ ഓഫീസുകളിലും ഏതെങ്കിലും ഒഴിഞ്ഞു കിടപ്പുണ്ടോ. എങ്കിൽ ടി ഒഴിവ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ. റിപ്പോർട്ട് ചെയ്ത കത്ത് നമ്പരും തീയതിയും നൽകുക.

5. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിൽ ആസ്ഥാന ഓഫീസുകളിലും തിരുവനന്തപുരം ജില്ലാ ഓഫീസുകളിലും 2014 മുതൽ നാളിതു വരെ എത്ര ഒഴിവുകൾ ഉണ്ടായിരുന്നു. ടി ഒഴിവുകൾ നികത്തിയോ. നികത്തിയെങ്കിൽ ഏത് വിധം (പി.എസ്.സി വഴിയാണോ/തസ്തികമാറ്റം വഴിയാണോ/സ്ഥലം മാറ്റം മുഖേനയാണോ/മറ്റേതെങ്കിലും വിധത്തിലാണോ) വ്യക്തമാക്കുക. 2014 മുതൽ നാളിതുവരെ റിട്ടയർ ചെയ്ത കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്മാരുടെ പേരും ജനനതീയതിയും റിട്ടയർ ചെയ്ത ഓഫീസിന്റെ പേരും നൽകുക.

6. 2018 ൽ ആസ്ഥാന ഓഫീസുകളിലും തിരുവനന്തപുരം ജില്ലാ ഓഫീസുകളിലും റിട്ടയർമെന്റ് മൂലം ഉണ്ടാകാവുന്ന എല്ലാ പ്രതീക്ഷിത ഒഴിവുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ. എങ്കിൽ റിപ്പോർട്ട് ചെയ്ത കത്ത് നമ്പരും തീയതിയും ഒഴിവുകളുടെ എണ്ണവും നൽകുക.

7. താങ്കളുടെ ഓഫീസിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ എത്ര ഗ്രേഡ് പ്രൊമോഷൻ ഉണ്ട്. ഏതെല്ലാം.

8. താങ്കളുടെ ഓഫീസിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്റെ പോസ്റ്റ് ക്രിയേഷൻ നടപടികൾ നടക്കുന്നുണ്ടോ. നടപടികൾ ഏതുവരെയായിട്ടുണ്ട്.

മേൽ ഉന്നയിച്ച ചോദ്യങ്ങൾക്കുള്ള പൂർണ്ണവും സത്യസന്ധവുമായ മറുപടി വിവരാവകാശ നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ നൽകേണ്ടതാണ്. പ്രസ്തുത വിവരം ടി ഓഫീസിൽ ലഭ്യമല്ല എങ്കിൽ വിവരാവകാശനിയമം 2005, വകുപ്പ് 6(3) പ്രകാരം വിവരം ലഭ്യമാക്കണമെന്നും വിനീതമായി അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

Arun G Nair

തിരുവനന്തപുരം

08.06.2018